എബ്രായലേഖനത്തിന്റെ ജീവ-പഠനം

ദൂത് നാല്

ദൈവപുത്രനായ ക്രിസ്തു — ദൈവമെന്ന നിലയിൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ

Tue — എബ്രായലേഖനം താരതമ്യങ്ങളുടെ ഒരു പുസ്തകമാണ്. ഇത് ക്രിസ്തുവിലുള്ള ദൈവത്തിന്റെ വ്യവസ്ഥയെ പഴയനിയമത്തിലെ കാര്യങ്ങളുമായി താരതമ്യം ചെയ്യുന്നു. ഈ പുസ്തകം എഴുതപ്പെട്ട എബ്രായ വിശ്വാസികളിൽ നല്ലൊരു പങ്കും, ക്രിസ്തുവിലുള്ള വിശ്വാസത്തെയും ക്രിസ്തുവിലുള്ള രക്ഷയെയും വിലമതിച്ചുവെങ്കിലും, പഴയനിയമമനുസരിച്ച് ദൈവത്താൽ സ്ഥാപിക്കപ്പെട്ട അവരുടെ പഴയ മതപശ്ചാത്തലത്തെയും അവർ വിലമതിച്ചിരുന്നു. അത് ജാതികളുടേതോ അവിശ്വാസികളുടേതോ ആയിരുന്നില്ല. അത് മനുഷ്യ ഭാവനയുടെ കണ്ടുപിടുത്തമായിരുന്നില്ല; അത് ദൈവത്തിന്റെ അരുളപ്പാടുകൾക്കനുസൃതമായി സ്ഥാപിക്കപ്പെട്ടതായിരുന്നു. ആലയ കർമ്മങ്ങളും അനുഷ്ഠാനങ്ങളും ലേവ്യരെ സംബന്ധിച്ച സേവനവും സ്ഥാപിക്കുവാൻ ദൈവം അവരുടെ പൂർവപിതാക്കന്മാരോട് പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെ, അത് ദൈവത്താൽ കല്പിക്കപ്പെട്ടതും സ്ഥാപിക്കപ്പെട്ടതും, ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടതുപോലും ആയിരുന്നു. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽനിന്നാണ് എബ്രായ വിശ്വാസികൾ പുറത്തുവന്നത്. എന്നാൽ അവർ ക്രിസ്തുവിലുള്ള ചിലത് കാണുകയും ചെയ്തതിനാൽ അവർ അസ്വസ്ഥരായി. നാം അവരുടെ സാഹചര്യത്തിലായിരുന്നുവെങ്കിൽ നമുക്കും അങ്ങനെ തന്നെ തോന്നുമായിരുന്നു. ക്രിസ്തുവും അവരുടെ പഴയ പശ്ചാത്തലവും എന്ന ഈ രണ്ടു അറ്റങ്ങളാൽ എബ്രായ വിശ്വാസികൾ പ്രയാസത്തിലായിരുന്നു. രണ്ടും ദൈവത്തിൽ നിന്നുള്ളവയായിരുന്നു, ഇപ്പോൾ അവർക്ക് അവയ്ക്കിടയിൽ ഒന്ന് തിരഞ്ഞെടുക്കണം. എബ്രായ വിശ്വാസികൾ പാലത്തിൽ മടിച്ചു നിൽക്കുകയായിരുന്നു. അവർ മറ്റേ വശം വിട്ടുകളഞ്ഞിരുന്നില്ല, മറിച്ച് അതിരിന്റെ വക്കിലായിരുന്നു. മുന്നോട്ട് പോകുവാൻ, നദി മുറിച്ചുകടക്കുവാൻ, കടന്നുപോകുവാൻ അവർ വിളിക്കപ്പെട്ടവരായിരുന്നു. അവർ വിഗ്രഹാരാധനയിൽ ഏർപ്പെട്ടിരുന്നില്ല, അവരുടെ

പൂർവപിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കുക എന്ന ഉദ്ദേശ്യത്തിനായി വിശുദ്ധ മന്ദിരം പണിതതായിരുന്നു. ലേവ്യരെ സംബന്ധിച്ച സേവനത്തിൽ, ദൈവത്താൽ നിയോഗിക്കപ്പെട്ടിരുന്ന യാഗങ്ങൾ പുരോഹിതന്മാർ അർപ്പിക്കുകയും അവൻ ആവശ്യപ്പെട്ട തുപോലെ ധൂപം കത്തിക്കുകയും ചെയ്തിരുന്നു. ഇതു പൂർണമായി ഉപേക്ഷിക്കുവാൻ എബ്രായ വിശ്വാസികൾക്ക് പ്രയാസമായിരുന്നു. ഈ രണ്ട് അറ്റങ്ങളെയും അവർ തങ്ങളുടെ രണ്ടു കൈകൾകൊണ്ട്, ക്രിസ്തുവിനെ ഒരു കൈയിലും, അവരുടെ പൂർവപിതാക്കന്മാരുടെ മതത്തെ മറ്റേ കൈയിലും, പിടിച്ചിരുന്നു. ഇതായിരുന്നു അവരുടെ സാഹചര്യത്തിന്റെ പശ്ചാത്തലം.

ഇതിനുപുറമെ, അവരുടെ പരിതസ്ഥിതിയിലും അവർ പ്രശ്നങ്ങൾ നേരിട്ടു. അവർക്കെതിരെ ഒരു ഉപദ്രവം അഴിച്ചുവിട്ടു. അവർ തങ്ങളുടെ പഴയ മതത്തെ സ്നേഹിച്ചിരുന്നുവെങ്കിലും, അവരുടെ സാഹചര്യത്തെ വളരെ വ്യക്തമാക്കിക്കൊണ്ട്, മതത്തിലെ മഹാപുരോഹിതൻ അവരെ ഉപദ്രവിക്കുവാൻ നേതൃത്വം എടുത്തു. ഒരുപക്ഷേ അവൻ അവരോടു പറഞ്ഞുകാണും, "നിങ്ങൾ ഒരു യിസ്രായേല്യനായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങളോടൊപ്പം തങ്ങുക. ക്രിസ്തുവിനെയും ക്രിസ്ത്യാനികളെയുംകുറിച്ച് മറന്നേക്കുക. നിങ്ങൾ ക്രിസ്ത്യാനികളോടൊപ്പമായിരിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഞങ്ങളെ ഉപേക്ഷിക്കണം. പുറത്തു പോകുക! ഞങ്ങളുടെ ഇടയിൽ ജീവിക്കുവാൻപോലും ഞങ്ങൾ നിങ്ങളെ അനുവദിക്കുകയില്ല." എബ്രായലേഖനം അവർക്ക് എഴുതുമ്പോഴുള്ള എബ്രായ വിശ്വാസികളുടെ സാഹചര്യം ഇതായിരുന്നു.

ഈ ലേഖനത്തിൽ കർത്താവിന്റെ ആത്മാവിന്റെ ജ്ഞാനം നാം കാണുന്നു. അവൻ അവരെ ശാസിച്ചില്ല. ശാസിക്കുന്ന ആത്മാവില്ല, ശാസിക്കുന്ന വാക്കില്ല, ശാസിക്കുന്ന സ്വരവുമില്ല. ശാസിക്കുന്നത് വളരെ പ്രയോജനം ചെയ്യുന്നില്ല. അവരെ സഹായിക്കാനുള്ള ഏറ്റവും നല്ല മാർഗമായ ഒരു താരതമ്യം നടത്തുവാനുള്ള മാർഗമാണ് കർത്താവായ ആത്മാവ് തിരഞ്ഞെടുത്തത്. നമ്മുടെ കുഞ്ഞുങ്ങളെ സഹായിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗം അവർക്ക് ഒരു താരതമ്യം നൽകുക എന്നതാണ്. അവർ വെളുപ്പിനെ കറുപ്പുമായും, ക്രിസ്തുവിനെ മതവുമായും, സഭയെ ലോകവുമായും, സ്വർഗത്തെ നരകവുമായും താരതമ്യം ചെയ്യട്ടെ, എന്നിട്ട് അവർ തങ്ങളുടെ തിരഞ്ഞെടുപ്പു നടത്തട്ടെ. ഇതായിരുന്നു ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ എടുത്ത മാർഗം. ക്രിസ്തുവിന്റെ ശ്രേഷ്ഠതയെ അവരുടെ പഴയ മതവുമായി താരതമ്യപ്പെടുത്തി കാണിച്ചുകൊണ്ട്, ദൈവത്തിന്റെ വ്യവസ്ഥയിൽ എന്താണുള്ളതെന്ന് പൂർണമായ രീതിയിൽ അവൻ അവതരിപ്പിക്കുന്നു. ആ മതം ഒരു കറുത്ത പശ്ചാത്തലമായി

പ്രവർത്തിച്ചു. ഒരു കറുത്ത പശ്ചാത്തലമില്ലാതെ, വെള്ള നിറം അത്ര വെള്ളയായി കാണപ്പെടുകയില്ല. വെള്ള നിറത്തിന്റെ വെളുപ്പിനെ കാണിക്കുന്നതിനായി നിങ്ങൾക്ക് ഒരു കറുത്ത പശ്ചാത്തലം ആവശ്യമാണ്. ഈ തത്ത്വം ഓർക്കുക: എബ്രായലേഖനത്തിൽ എപ്പോഴും ഒരു താരതമ്യമുണ്ട്.

യെഹൂദ പൂർവപിതാക്കന്മാർ നിധികളായി പിടിച്ചിരുന്ന യെഹൂദമതത്തിലെ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്? പഴയനിയമമനുസരിച്ച് രൂപപ്പെട്ടതും സ്ഥാപിക്കപ്പെട്ടതുമായ, വിശേഷവും വാസ്തവവുമായ മതമായ യെഹൂദമതത്തിലെ, മുഖ്യമായ കാര്യം ദൈവമാണ്. ദൈവമായിരുന്നു അവരുടെ പ്രശംസ (റോമ. 2:17). മറ്റൊരു മതത്തിലും ജനത്തിന് ഇങ്ങനെയുള്ള ഒരു ദൈവമില്ല. ഉദാഹരണത്തിന് ബുദ്ധമതം അസംബന്ധമാണ്, അതിനെ ഒരു മതം എന്നുപോലും വിളിക്കരുത്. ദൈവത്തെ ആരാധിക്കുവാനും ദൈവത്തെ സേവിക്കുവാനും ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു രീതിയിൽ പെരുമാറുവാനും മതം ജനത്തെ സഹായിക്കുന്നു. ബുദ്ധമതത്തിൽ ദൈവമില്ല, ഊമനായ ബുദ്ധൻ മാത്രമേയുള്ളൂ. ബുദ്ധമതം അനുസരിച്ച് എല്ലാവർക്കും ഒരു ബുദ്ധനായിത്തീരുവാൻ കഴിയും. നിങ്ങൾ നന്നായി പെരുമാറുന്നുവെങ്കിൽ, ഒടുവിൽ നിങ്ങൾ ഒരു ബുദ്ധനായിത്തീരുമെന്ന് ബുദ്ധമതം പഠിപ്പിക്കുന്നു. ഇത് തികച്ചും പൈശാചികമാണ്.

അതുപോലെ, കൺഫ്യൂഷ്യസിന്റെ പഠിപ്പിക്കലുകളെയും ഒരു മതമായി കണക്കാക്കരുത്. കൺഫ്യൂഷ്യസ് ഒരിക്കലും മതം പഠിപ്പിച്ചിട്ടില്ല. അവന്റെ പഠിപ്പിക്കലുകൾ മൊത്തമായും ധാർമ്മികമാണ്. ധാർമ്മികതയെയും സദാചാരത്തെയും കുറിച്ചുള്ള അവന്റെ പഠിപ്പിക്കലുകളിൽ കോൺഫ്യൂഷ്യസ് ദൈവത്തെ പരാമർശിച്ചത് കുറച്ചു പ്രാവശ്യം മാത്രമാണ്. ദൈവത്തെ വ്രണപ്പെടുത്തരുത്, കാരണം, അങ്ങനെ ചെയ്താൽ ക്ഷമ ലഭിക്കുവാൻ യാതൊരു മാർഗവുമില്ല എന്നു മാത്രമാണ് അവൻ ആളുകളെ ഉപദേശിച്ചത്.

ഇനി നമുക്ക് ഇസ്ലാം മതത്തെ നോക്കാം. ഇസ്ലാമിന്റെ പവിത്രഗ്രന്ഥമായ ഖുറാൻ പഴയനിയമത്തിന്റെ ഒരു വ്യാജ പതിപ്പാണ്. അത് വഞ്ചന നിറഞ്ഞതാണ്. അതിൽ ദൈവത്തെ പരാമർശിക്കുകയും ഉല്പത്തിയിലെ ചരിത്രം ഉൾക്കൊള്ളുകയും ചെയ്യുന്നു. എന്നാൽ അത് മൊത്തത്തിൽ വ്യാജമാണ്.

യഥാർഥവും സത്യവുമായ ദൈവം യെഹൂദമതത്തോടു കൂടെയാണ്, കാരണം അത് വിശേഷവും വാസ്തവവുമായ മതമാണ്. ഒരർഥത്തിൽ, അവർക്ക് യഥാർഥ ദൈവമുണ്ട്. ഈ ദൈവമാണ് അവരുടെ പ്രശംസ. ഇന്നും യെഹൂദമതം അതിന്റെ ദൈവത്തിൽ പ്രശംസിക്കുന്നു.

Wed രണ്ടാമതായി, യെഹൂദമതത്തിന് ദൂതന്മാരുണ്ട്. ജാതീയ മതങ്ങൾക്കെല്ലാം ഭൂതങ്ങളുണ്ട്. ദൂതന്മാരും ഭൂതങ്ങളും തമ്മിൽ ഒരു താരതമ്യവുമില്ല. ദൂതന്മാർ ദൈവവുമായി വളരെ അടുത്താണെന്ന് വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു. കർത്താവ് അബ്രഹാമിനു പ്രത്യക്ഷപ്പെട്ടപ്പോൾ അവൻ രണ്ടു ദൂതന്മാരോടുകൂടെ പ്രത്യക്ഷപ്പെട്ടു (ഉൽപ. 18:1-2). അവർ കാഴ്ചയിൽ സാമ്യമുള്ളവരായിരുന്നു. ദൂതന്മാർ എത്ര ഉന്നതരാണെന്ന് ഇതിനാൽ നമുക്ക് കാണുവാൻ കഴിയും. ന്യായപ്രമാണം പോലും ദൂതന്മാരുടെ മധ്യസ്ഥതയിലൂടെ നൽകപ്പെട്ടതായിരുന്നു (പ്രവൃ. 7:53; ഗലാ. 3:19). അതിനാൽ യെഹൂദമതം അവരിൽ പ്രശംസിക്കുന്നു.

മൂന്നാമതായി, ദൈവത്തിന്റെ ന്യായപ്രമാണം നല്കപ്പെട്ടവനായ മോശെയിൽ യെഹൂദമതം പ്രശംസിച്ചു. മിക്കവാറും എല്ലാ വംശങ്ങളിലും, പ്രത്യേകിച്ച് പുരാതന കാലങ്ങളിൽ, മികച്ച നേതാക്കന്മാർ ഉണ്ടായിരുന്നു. എന്നാൽ സകല മാനവ നേതാക്കന്മാരിലും വച്ച് മികച്ച നേതാവായിരുന്നു മോശെ. ആരുടെയും രചനകളെ അവന്റെ രചനകളുമായി താരതമ്യം ചെയ്യുവാൻ കഴിയുകയില്ല. മോശെയാൽ . എഴുതപ്പെട്ട പഞ്ചഗ്രന്ഥത്തിലെ എല്ലാ പുസ്തകങ്ങളെയും പരിഗണിക്കേണ്ട ആവശ്യമില്ല; ആവർത്തനപുസ്തകം എന്ന ഒരെണ്ണം മാത്രം നോക്കിയാൽ മതി. ഈ പുസ്തകം താരതമ്യപ്പെടുത്താനാവാത്തതാണ്; അത് മൂന്നാം സ്വർഗത്തിലാണ്. വേദപുസ്തകത്തിനു പുറത്തുള്ള മറ്റെല്ലാ പുസ്തകങ്ങളും ഒന്നുകിൽ ഭൂമിയുടെ ഉപരിതലത്തിലാണ് അല്ലെങ്കിൽ ഏറ്റവും താണ നരകത്തിലാണ്. മോശെയുടെ എഴുത്തുകൾ ഉന്നതമാണ്. അവനെഴുതിയ എല്ലാ പുസ്തകങ്ങളെയും ഞാൻ ശരിക്കും സ്നേഹിക്കുന്നു, പ്രത്യേകിച്ചും ആവർത്തനപുസ്തകം, അതു വളരെ മനോഹരവും ആർദ്രവുമാണ്. മോശെയാൽ എഴുതപ്പെട്ട അഞ്ചു പുസ്തകങ്ങളിൽ എത്രമാത്രം ആഴമാണുള്ളത്! ഈ പുസ്തകങ്ങൾ സ്വർണ്ണ ഖനികളാണ്. നിങ്ങൾഅവയിൽഎത്രയധികംകുഴിക്കുന്നുവോ, അത്രയധികം നിധികൾനിങ്ങൾ കണ്ടെത്തും. അവ ആഴമറ്റതാണ്. അങ്ങനെ എല്ലാ യെഹൂദന്മാരും മോശെയിൽ പ്രശംസിക്കുന്നു.

നാലാമത്തെ കാര്യം തലയെന്ന നിലയിൽ മോശെയുടെ ജ്യേഷ്ഠസഹോദരനായ അഹരോനോടുകൂടെയുള്ള പൗരോഹിത്യമാണ്. മോശെ ഒരു പുരോഹിതനായിരുന്നില്ല; അവൻ പഴയനിയമ അപ്പൊസ്തലനായിരുന്നു. അഹരോൻ ഒരു മഹാപുരോഹിതനായിരുന്നു. മോശെയെ ദൈവത്തിൽനിന്ന് ജനത്തിലേക്ക് അയയ്ക്കപ്പെട്ടവനും, അഹരോൻ ജനത്തിൽനിന്ന് തിരികെ ദൈവത്തിലേക്കു പോയവനും ആയിരുന്നു. ദൈവത്തിൽനിന്നു ജനത്തിലേക്കു വരുന്ന ക്രിസ്തുവിനെ മോശെ മുൻകുറിക്കുകയും, ജനത്തിൽനിന്ന് ദൈവത്തിലേക്കു പോകുന്ന

ക്രിസ്തുവിനെ അഹരോൻ മുൻകുറിക്കുകയും ചെയ്തു. ദൈവത്തെ സേവിക്കുകയും ദൈവസന്നിധിയിൽ ജനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി കരുതുകയും ചെയ്യുന്ന ഇങ്ങനെയുള്ള ഒരു പൗരോഹിത്യം യെഹൂദന്മാർക്കുണ്ട്.

ഒരർഥത്തിൽ, പുരോഹിതന്മാർ ശുശ്രൂഷകന്മാർ മാത്രമല്ല, സ്വർഗീയ കോടതിയിലെ ന്യായപ്രമാണത്തിന്റെ അഭിഭാഷകന്മാരും ആയിരുന്നു. നിങ്ങളുടെ കേസ് തുടർച്ചയായി നടത്തുവാൻ ഒരു അഭിഭാഷകൻ ഉണ്ടായിരിക്കുന്നത് എത്ര നല്ലതാണ്. യെഹൂദ ജനതയ്ക്ക് അവരുടെ പുരോഹിത അഭിഭാഷകർ ഉണ്ടായിരുന്നു. ഇന്ന്, ആളുകൾക്ക് ഒരു അഭിഭാഷകൻ ഇല്ലെങ്കിൽ, അവർക്ക് യാതൊരു പരിരക്ഷയുമില്ല, എന്നാൽ അവർ ഒരു നല്ല അഭിഭാഷകന്റെ കരുതലിൻകീഴിലാണെങ്കിൽ, അവർക്ക് സമാധാനമുള്ളവരായിരിക്കുവാൻ കഴിയും. തങ്ങളെ കരുതുവാനായി ജാതികൾക്ക് ദൈവമുമ്പാകെ അഭിഭാഷകർ ഉണ്ടായിരുന്നില്ല, എന്നാൽ യെഹൂദന്മാർക്ക് അവരുടെ അഭിഭാഷകന്മാരായി ദൈവമുമ്പാകെ പുരോഹിതന്മാരുണ്ടായിരുന്നു. ആ പുരോഹിതന്മാർ ദൈവത്തെ സേവിക്കുകയും യിസ്രായേൽമക്കളുടെ കേസുകൾ കൈകാര്യം ചെയ്യുകയും ചെയ്തു. അതുകൊണ്ട്, യെഹൂദന്മാർക്ക് അവരുടെ പുരോഹിതന്മാരിൽ പ്രശംസിക്കുവാൻ കഴിഞ്ഞു.

യെഹൂദമതത്തിന് പ്രശംസിക്കുവാൻ കഴിയുമായിരുന്ന അഞ്ചാമത്തെയും അവസാനത്തെയും മുഖ്യ കാര്യം, യെഹൂദന്മാരുമായി ദൈവം ഉണ്ടാക്കിയ പഴയ ഉടമ്പടിയായിരുന്നു. ദൈവത്തിന്റെ ന്യായപ്രമാണപ്രകാരം ഉണ്ടാക്കിയ ദൈവത്തിന്റെ ഉടമ്പടിയനുസരിച്ച് യെഹൂദന്മാർ ദൈവത്തിന്റെ ജനമാണ്. അവർ ദൈവത്തിന്റെ ഉടമ്പടി ചെയ്യപ്പെട്ട ജനമാണ്. ഭൂമിയിൽ മറ്റൊരു ജനത്തിനും ദൈവത്തിന്റെ ആഗ്രഹങ്ങൾക്കും ആവശ്യകതകൾക്കും അനുസൃതമായി അവർ ദൈവത്തിന്റെ ജനമായിരിക്കേണ്ടതിന് ഇങ്ങനെയുള്ള ഒരു ദിവ്യ ഉടമ്പടി ഇല്ല. യെഹൂദന്മാർക്കു മാത്രമാണ് ദൈവത്തിന് അവരെ ഒരു പ്രത്യേക ജനമാക്കുന്ന ഇങ്ങനെയുള്ള ഒരു ദിവ്യ ഉടമ്പടി ഉള്ളത്. അതിനാൽ അവർ അതിനെ ഒരു നിധിയായി പിടിച്ചുകൊണ്ട് അതിൽ പ്രശംസിക്കുന്നു.

യെഹൂദമതത്തെക്കാൾ ദൈവത്തിന്റെ വ്യവസ്ഥയുടെ ശ്രേഷ്ഠത എബ്രായ വിശ്വാസികളെ കാണിക്കുക എന്നതാണ് എബ്രായ ലേഖനത്തിന്റെ ഉദ്ദേശ്യം. ദൈവവും ദൂതന്മാരും മോശെയും മഹാപുരോഹിതനായ അഹരോനും അതിന്റെ സേവനങ്ങളോടുകൂടെയുള്ള പഴയ ഉടമ്പടിയും ആയിരുന്നു യെഹൂദമതത്തിലെ പ്രശംസ. ഒരു താരതമ്യം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാനമായി എഴുത്തുകാരൻ ഈ അഞ്ചു കാര്യങ്ങളെ ഉപയോഗിക്കുന്നു. ദൈവത്തിന്റെ വ്യവസ്ഥയിൽ ഒന്നാമത്തെ

ശ്രേഷ്ഠമായ കാര്യം ദൈവം മാത്രമല്ല, പിന്നെയോ ആവിഷ്കരിക്കപ്പെട്ട ദൈവം, അതായത്, പുത്രനായ ദൈവമാണെന്ന് അവൻ ചൂണ്ടിക്കാണിക്കുന്നു (1:2, 3, 5, 8-12). അതിനെ തുടർന്ന് ക്രിസ്തു ദൂതന്മാരെക്കാളും (1:4—2:18), മോശെയെക്കാളും (3:1-6), അഹരോനെക്കാളും (4:14—7:28) ശ്രേഷ്ഠനാണെന്നും, അവനാൽ ഉണ്ടാക്കപ്പെട്ട ജീവന്റെ പുതിയ ഉടമ്പടി അക്ഷരങ്ങളുടെ പഴയ ഉടമ്പടിയെക്കാൾ ശ്രേഷ്ഠമാണെന്നും (8:1—10:18) തുറന്നുകാണിക്കുവാൻ അവൻ മുന്നോട്ടുപോകുന്നു.

ഈ പുസ്തകം അവതരിപ്പിക്കുന്ന ഒന്നാമത്തെ താരതമ്യം തന്റെ രക്ഷയിലെ ദൈവവും യെഹൂദമതത്തിലെ ദൈവവും തമ്മിലുള്ള താരതമ്യമാണ്. യെഹൂദമതത്തിൽ യഥാർഥ ദൈവമുണ്ടെങ്കിലും, ആ മതത്തിൽ അവൻ മറഞ്ഞിരിക്കുന്ന ദൈവമാണ്. മറിച്ച്, ദൈവത്തിന്റെ രക്ഷയിൽ, ദൈവം ആവിഷ്കരിക്കപ്പെടുന്നു. ആവിഷ്കരിക്കപ്പെട്ട ഈ ദൈവമാണ് ദൈവപുത്രൻ. ദൈവപുത്രനാണ് ദൈവത്തിന്റെ ആവിഷ്കാരം. രക്ഷിക്കപ്പെടുന്നതിനുമുമ്പ് അപ്പൊസ്തലനായ യോഹന്നാൻ യെഹൂദമതത്തിലായിരുന്നപ്പോൾ, "അവന്റെ തേജസ്സ് ഞങ്ങൾ കണ്ടു" എന്ന് ഒരിക്കലും അവനു പറയുവാൻ കഴിഞ്ഞില്ല. എന്നാൽ അവൻ സുവിശേഷം എഴുതിയപ്പോൾ, ആദിയിൽ വചനം ഉണ്ടായിരുന്നുവെന്നും വചനം ദൈവമായിരുന്നുവെന്നും ദൈവമായിരുന്ന വചനം ജഡമായിത്തീർന്നുവെന്നും നാം എല്ലാവരും അവന്റെ തേജസ്സ് കണ്ടുവെന്നും പറഞ്ഞു. ആരും ദൈവത്തെ കണ്ടിട്ടില്ലെന്നും, എന്നാൽ "ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" എന്നും യോഹന്നാൻ 1:18-ൽ യോഹന്നാൻ പറഞ്ഞു. നമ്മുടെ ജീവനായി ദൈവത്തെ ആവിഷ്കരിക്കുന്ന ഇവനെ ഞങ്ങൾ കേൾക്കുകയും കാണുകയും തൊടുകയും ചെയ്തിരിക്കുന്നുവെന്ന് തന്റെ ഒന്നാം ലേഖനത്തിൽ യോഹന്നാൻ പറഞ്ഞു (1 യോഹ. 1:1). ഇതാണ് തന്റെ രക്ഷയിലുള്ള ദൈവം. യെഹൂദമതത്തിലെ ദൈവം സത്യമാണെങ്കിലും മറഞ്ഞിരിക്കുന്നു. തന്റെ രക്ഷയിലുള്ള ദൈവം ആവിഷ്കരിക്കപ്പെട്ടവനാണ്.

പഴയനിയമത്തിൽ ദൈവം പ്രവാചകന്മാരിലൂടെ സംസാരിച്ചുവെങ്കിലും അവനെത്തന്നെ ഒരിക്കലും ആവിഷ്കരിച്ചിട്ടില്ല. പുതിയ നിയമത്തിൽ, അതായത്, ദൈവത്തിന്റെ രക്ഷയിൽ, ദൈവവചനവും ദൈവത്തിന്റെ സംസാരവും ദൈവംതന്നെയുമായ പുത്രനിൽ ദൈവം സംസാരിക്കുന്നു. അവൻ ദൈവത്തെ സംസാരിക്കുകയും ദൈവത്തെ പ്രഖ്യാപിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു. പഴയ കാലങ്ങളിൽ ദൈവം പ്രവാചകന്മാരിലൂടെ പരോക്ഷമായി സംസാരിച്ചു, എന്നാൽ ഇപ്പോൾ അവൻ പുത്രനിൽ നേരിട്ട് സംസാരിക്കുന്നു.

Thu പത്രോസ് കർത്താവിനോടുകൂടെ മറുരൂപ മലയിൽ ആയിരിക്കുകയും മോശെയെയും ഏലിയാവിനെയും കാണുകയും ചെയ്തപ്പോൾ, അവൻ അപ്പോഴും പഴയ ധാരണയെ പിടിച്ചുകൊള്ളുകയും മോശെയെയും ഏലിയാവിനെയും ദൈവപുത്രനോടു തുല്യമാക്കുകയും ചെയ്തു (മത്താ. 17:1-8). ദൈവത്തിന്റെ പഴയ സംസാര രീതി അവസാനിച്ചുവെന്ന് അവൻ പഠിക്കണമായിരുന്നു. ഇനി മോശെയും ഇല്ല, ഏലിയാവും ഇല്ല, ദൈവപുത്രൻ മാത്രമേയുള്ളൂ. പത്രോസിന് നദി മുറിച്ചുകടന്ന് പുത്രനെ കേൾക്കേണ്ട ആവശ്യമുണ്ടായിരുന്നു. പുത്രൻ ഇപ്പോൾ ദൈവത്തിന്റെ നിസ്തുലമായ വചനമാണ്, ദൈവത്തിന്റെ നിസ്തുലമായ സംസാരമാണ്. അവൻ ദൈവത്തിന്റെ പ്രഖ്യാപനവും ആവിഷ്കാരവുമാണ്. അവൻ ദൈവത്തിനുവേണ്ടി സംസാരിക്കുക മാത്രമല്ല — അവൻ ദൈവത്തെ സംസാരിക്കുകയും ചെയ്യുന്നു. അവൻ ദൈവതേജസ്സിന്റെ പ്രഭയും ദൈവസത്തയുടെ മുദ്രയുമാണ്. അവൻ ആവിഷ്കരിക്കപ്പെട്ട ദൈവമാണ്. തന്റെ രക്ഷയിലുള്ള ദൈവം യെഹൂദമതത്തിലുള്ള ദൈവത്തെക്കാൾ മേന്മയേറിയവനാണ്. അവിടെ ദൈവം മറഞ്ഞിരിക്കുന്നു; ഇവിടെ ദൈവം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

ആരിൽ ദൈവം സംസാരിക്കുന്നുവോ, ആ പുത്രൻ തന്നെയാണ് ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവൻ (1:10). അവൻ സ്രഷ്ടാവായ ദൈവത്തെക്കാൾ ഒട്ടും കുറഞ്ഞവനല്ല. പ്രപഞ്ചത്തെ മുഴുവൻ താങ്ങിനിർത്തുന്നതും അവനാണ്. അവൻ തന്റെ ശക്തിയുടെ വചനത്താൽ സകലത്തെയും താങ്ങിനിർത്തുന്നു (1:3). അവൻ സൃഷ്ടിക്കപ്പെട്ട മുഴുവൻ പ്രപഞ്ചത്തെയും അവകാശമാക്കുവാൻ നിയമിക്കപ്പെട്ടവനായ അഭിഷിക്തനുമാണ്. നിയമിക്കപ്പെട്ട ഈ അവകാശി ദൈവം തന്നെയാണ് (1:8). ഈ ദൈവം യെഹൂദന്മാരുടെ ദൈവത്തെക്കാൾ ഒട്ടും കുറഞ്ഞവനല്ല, എന്നാൽ യെഹൂദന്മാരുടെ ദൈവത്തെക്കാൾ അധികമായവനാണ്. യെഹൂദന്മാരുടെ ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല, എന്നാൽ, ശരിയായ എബ്രായരായ നമുക്ക്, ദൈവം വെളിപ്പെട്ടും ആവിഷ്കരിക്കപ്പെട്ടും സ്പർശിക്കപ്പെട്ടും സ്വീകരിക്കപ്പെട്ടും കൈവശമാക്കപ്പെട്ടും ദിനംപ്രതി അനുഭവമാക്കപ്പെട്ടുമിരിക്കുന്നു.

കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമുക്ക് എബ്രായരായിത്തീർന്ന നിരവധി യെഹൂദ സഹോദരന്മാരുണ്ട്. അവർ കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് വരുന്നതിനുമുമ്പ് അവർ എല്ലാവരും ദൈവത്തെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിലും, അവനെ ആസ്വദിച്ചിരുന്നില്ല. അവരുടെ മതത്തിൽ, അവർക്ക് പദാവലിയിൽ മാത്രമേ ദൈവം ഉണ്ടായിരുന്നുള്ളൂ; അവർക്ക് അവരുടെ അനുഭവത്തിൽ ദൈവം ഉണ്ടായിരുന്നില്ല. ഇപ്പോൾ അവർക്ക് അനുഭവത്തിൽ അവനുണ്ട്.

യഥാർഥ എബ്രായരുടെ ദൈവം യെഹൂദന്മാരുടെ പഴയ മതത്തിലെ ദൈവത്തെക്കാൾ മേന്മയേറിയവനാകുന്നു എന്ന് തന്റെ ലേഖനത്തിന്റെ തുടക്കത്തിൽ, എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ ചൂണ്ടിക്കാണിച്ചു. അവൻ പിതാവായ ദൈവം മാത്രമല്ല, പുത്രനായ ദൈവവുമാണ്. ഈ രണ്ട് ആശയങ്ങളും യെശയ്യാവ് 9:6-ൽ കാണാം. "നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു... അവന്... നിത്യപിതാവ്... എന്നു പേർ വിളിക്കപ്പെടും." നമുക്കു നല്കപ്പെട്ടത് ഒരു പുത്രനാണെങ്കിലും, അവന്റെ നാമം വിളിക്കപ്പെടുന്നത് നിത്യപിതാവ് എന്നാണ്. പിതാവ് ഇപ്പോൾ നമുക്ക് നൽകപ്പെട്ട പുത്രനാണ്. പിതാവ് അവന്റെ ആളത്തത്തിനുവേണ്ടിയും, പുത്രൻ അവനെ നൽകുന്നതിനുവേണ്ടിയും ആകുന്നു. അവൻ ദൈവമായിരിക്കുന്നതിൽ, അവൻ പിതാവും, നമുക്ക് നൽകപ്പെടുന്നതിൽ അവൻ പുത്രനും ആകുന്നു. യെശയ്യാവ് 9:6 വ്യക്തമായി വെളിപ്പെടുത്തുന്നതുപോലെ, നൽകപ്പെടുന്നതിൽ അവൻ പുത്രനാണെങ്കിലും, അവൻ വിളിക്കപ്പെടുന്നത് നിത്യപിതാവ് എന്നാണ്. പിതാവ് അവന്റെ ആളത്തത്തിനുവേണ്ടിയും, പുത്രൻ നമ്മിൽ എത്തിച്ചേരുവാൻ, നമ്മുടെ അനുഭവത്തിൽ നമ്മളാൽ നേടപ്പെടുവാൻ, നമുക്കു നല്ലപ്പെടുന്നതിനുവേണ്ടിയും ആകുന്നു. അവൻ പിതാവു മാത്രമായിരുന്നുവെങ്കിൽ, നമുക്ക് ഒരിക്കലും അവനെ സ്വീകരിക്കുവാനോ ആസ്വദിക്കുവാനോ കഴിയുമായിരുന്നില്ല. അവൻ നമുക്കു നൽകപ്പെട്ട പുത്രനായിരിക്കുന്നതിനാൽ അവനെ സ്തുതിക്കാം. തന്റെ ഏകജാതനായ പുത്രനെ നമുക്കു നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). പുത്രൻ പിതാവിൽ നിന്നുള്ള ഒരു ദിവ്യ ദാനവും, ഈ ദിവ്യ ദാനം ദൈവം തന്നെയും ആകുന്നു. പുത്രനിൽ ദൈവം അവനെത്തന്നെ ഒരു ദിവ്യ ദാനമായി നമുക്കു നൽകി.

നമ്മുടെ ദൈവം ആവിഷ്കരിക്കപ്പെട്ട ദൈവമാണ്, നമ്മിൽ എത്തിച്ചേരുന്നവനും, നമ്മളാൽ സ്വീകരിക്കപ്പെടുന്നവനും, നമ്മളാൽ അനുഭവമാക്കപ്പെടുന്നവനും, ദിനംപ്രതി നമ്മുടെ ആസ്വാദനമായിത്തീരുന്നവനുമായ ദൈവമാണ്. ഇതാണ് നമ്മുടെ ദൈവം. തീർച്ചയായും ഈ ദൈവം യെഹൂദമതത്തിന്റെ ദൈവത്തെക്കാൾ മേന്മയേറിയവനാണ്. ഈ ദൈവം ദൈവപുത്രനും, ദൈവം തന്നെയുമായ യേശുവാണ്. അവൻ ദൈവത്തിന്റെ ആവിഷ്കാരവും, നമ്മിൽ എത്തുന്ന ദൈവവും, നമ്മളാൽ സ്വീരിക്കപ്പെടുകയും, അനുഭവമാക്കപ്പെടുകയും, ആസ്വദിക്കപ്പെടുകയും, സ്വന്തമാക്കപ്പെടുകയും ചെയ്യുന്നവനായ ദൈവവും ആകുന്നു.

ആവിഷ്കരിക്കപ്പെട്ട ദൈവമെന്ന നിലയിൽ പുത്രൻ ദൂതന്മാരെക്കാൾ വളരെ ഉന്നതനാണെന്ന് നാം ഇപ്പോൾ

കാണണം. അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. രക്ഷയിലുള്ള ദൈവം മാത്രമല്ല ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ, പിന്നെയോ യെഹൂദമതത്തിലെ ദൈവം പോലും അവരെക്കാൾ ശ്രേഷ്ഠനായിരുന്നു, കാരണം ദൂതന്മാർ അവന്റെ ദാസന്മാരായിരുന്നു. ദൂതന്മാർ കാറ്റുകളും അഗ്നിജ്വാലകളും ആകുന്നു (1:7). ദൂതന്മാരെക്കുറിച്ച് അത്ര ഉന്നതമായി ചിന്തിക്കരുത്. ഒരുപക്ഷേ നിങ്ങളിൽ പലരും ഒരു ദൂതനാകുവാൻ ആഗ്രഹിക്കുന്നുണ്ടാവും. ദൂതന്മാർ ക്രിസ്തുവിനെക്കാൾ താഴ്ന്നവരാണെന്നു മാത്രമല്ല, അവർ നമ്മെക്കാളും താഴ്ന്നവരാണ്. പഴയനിയമ കാലത്തുപോലും ദൈവം ദൂതന്മാരെക്കാൾ ശ്രേഷ്ഠനായിരുന്നു. അവർ അവന്റെ ഉദ്ദേശ്യം നിറവേറ്റുക മാത്രമാണു ചെയ്തത്. അങ്ങനെ, ദൈവപുത്രനായ നമ്മുടെ ക്രിസ്തു യെഹൂദമതത്തിന്റെ ദൈവമായിരുന്നതിനെക്കാൾ ദൂതന്മാരിലും ശ്രേഷ്ഠനാണെന്ന് പറയാതെ വയ്യ. കാറ്റുകളും അഗ്നിജ്വാലകളും പോലുള്ള ദൂതന്മാർ സൃഷ്ടികൾ മാത്രമായിരിക്കുമ്പോൾ, പുത്രൻ സ്രഷ്ടാവാണ്. സൃഷ്ടികളെന്ന നിലയിൽ, ദൂതന്മാർ പുത്രനെക്കാൾ താഴ്ന്നവരും, സ്രഷ്ടാവെന്ന നിലയിൽ പുത്രൻ ദൂതന്മാരെക്കാൾ അധികം ശ്രേഷ്ഠനും ആകുന്നു.

Fri

I. പുത്രൻ — ഏറെ വിശിഷ്ടമായ നാമം

പുത്രന് ദൂതന്മാരെക്കാൾ ഏറെ വിശിഷ്ടമായ ഒരു നാമമുണ്ട്. 1:4 വാക്യം പറയുന്നു, "അവൻ ദൂതന്മാരെക്കാൾ അധികം വിശിഷ്ടമായ നാമം അവകാശമാക്കുവാൻ തക്കവണ്ണം അവരെക്കാൾ മേന്മയുള്ളവനായിത്തീർന്നു." അധികം വിശിഷ്ടമായ ഈ നാമം പുത്രനാണ്, അത് ഈ അധ്യായത്തിലെ തുടർന്നുള്ള വാക്യങ്ങളിൽ പൂർണമായി നിർവചിച്ചിട്ടുണ്ട്. "നീ എന്റെ പുത്രൻ, ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും, "ഞാൻ അവനു പിതാവും, അവൻ എനിക്കു പുത്രനും ആകും" എന്നും ദൂതന്മാരിൽ ആരോടാകുന്നു അവൻ എപ്പോഴെങ്കിലും പറഞ്ഞിട്ടുള്ളത്?" (1:5). ക്രിസ്തു "വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, മരിച്ചവരുടെ പുനരുത്ഥാനത്തിൽനിന്ന് ശക്തിയിൽ ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും ചെയ്തു" എന്ന് റോമർ 1:4 പറയുന്നു. മരണത്തിൽ നിന്നുള്ള അവന്റെ പുറത്തുവരവ് ദൈവപുത്രനായി അവൻ നിയുക്തനാക്കപ്പെടുന്നതായിരുന്നു. ക്രിസ്തു ദൈവപുത്രനായി നിയുക്തനാക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ഏറെ വിശിഷ്ടമായ ഒരു നാമം അവനു ലഭിച്ചിരിക്കുന്നു.

II. പുനരുത്ഥാനത്തിൽ

പുനരുത്ഥാനത്തിലാണ് ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനായ ദൈവപുത്രനായിരിക്കുവാൻ പ്രഖ്യാപിക്കപ്പെട്ടത്. പുനരുത്ഥാനം

അർഥമാക്കുന്നത് ഒരു പുതിയ തുടക്കത്തെയാണ്; അത് മുളപ്പിക്കലിനെ കുറിക്കുന്നു. "പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്" എന്നു പറയുന്നതിലൂടെ വാക്യം 3 അവന്റെ മരണത്തെ പരാമർശിക്കുന്നു. തന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിൽനിന്നു ജനിച്ച തന്റെ അനേകം സഹോദരന്മാരാൽ ഉളവാക്കപ്പെട്ട സഭായുഗം എന്ന പുതിയ യുഗത്തിന്റെ ആരംഭമെന്ന നിലയിൽ തന്റെ പുനരുത്ഥാനത്താൽ അവൻ ദൈവത്തിന്റെ ആദ്യജാതനായിരിക്കുവാൻ ജനിപ്പിക്കപ്പെട്ടുവെന്ന് (പ്രവൃ. 13:33) വാക്യം 5 സൂചിപ്പിക്കുന്നു.

III. ആരോഹണത്തിൽ

എബ്രായർ 1 ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ തുടർന്നുള്ള അവന്റെ ആരോഹണത്തെക്കുറിച്ചും സംസാരിക്കുന്നു. വാക്യം 13 പറയുന്നു, "എന്നാൽ "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്കു പാദപീഠം ആക്കുവോളം എന്റെ വലത്തുഭാഗത്ത് ഇരിക്കുക" എന്ന് ദൂതന്മാരിൽ ആരോടാകുന്നു അവൻ എപ്പോഴെങ്കിലും പറഞ്ഞിട്ടുള്ളത്?" ഇത് ആരോഹണത്തെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നു. ആരോഹണം ചെയ്ത ദൈവപുത്രനെന്ന നിലയിൽ ക്രിസ്തു തന്റെ ആരോഹണത്തിൽ ദൂതന്മാരെക്കാൾ അധികം ശ്രേഷ്ഠനാണ്. അവൻ ഇനിമേൽ കല്ലറയിലോ ഭൂമിയിലോ അല്ല; അവൻ "ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത്" ആകുന്നു (1:3). ഇതാണ് ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യം നിറവേറ്റുന്നതിനായി, അതായത്, സഭ പണിയുന്നതിനും തന്റെ അനേകം സഹോദരന്മാരെ തേജസ്സിലേക്കു കൊണ്ടുവരുന്നതിനുമായി, തന്റെ ഉദ്യോഗസ്ഥാനത്തിലേക്ക് അവനെ പ്രതിഷ്ഠാപനം ചെയ്ത അവന്റെ ആരോഹണം.

IV. രണ്ടാം വരവിൽ

തന്റെ ആരോഹണത്തിൽ സിംഹാസനത്തിൽ ഇരുന്നശേഷം തന്റെ ശത്രുക്കളെ തന്റെ പാദപീഠമാക്കുവോളം കീഴ്പ്പെടുത്തുവാൻ ക്രിസ്തു കാത്തിരിക്കുന്നു. അപ്പോൾ അവൻ മടങ്ങിവരും. ദൈവപുത്രനെന്ന നിലയിൽ, തന്റെ രണ്ടാം വരവിലും അവൻ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. വാക്യം 6 ഇതിനെ പരാമർശിക്കുന്നു. "ആൾപ്പാർപ്പുള്ള ഭൂമിയിലേക്ക് അവൻ ആദ്യജാതനെ പിന്നെയും കൊണ്ടുവരുമ്പോൾ, "ദൈവത്തിന്റെ സകല ദൂതന്മാരും അവനെ ആരാധിക്കട്ടെ" എന്ന് അവൻ അരുളിച്ചെയ്യുന്നു." ഈ വാക്യം രണ്ടാമത്തെ വരവിനെ പരാമർശിക്കുന്നുവെന്ന് നമുക്ക് എങ്ങനെ അറിയാം? എന്തുകൊണ്ടെന്നാൽ, അത് ക്രിസ്തുവിനെ ആദ്യജാതനെന്നു പറയുന്നു. അവന്റെ ഒന്നാം വരവിൽ, അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു

(യോഹ. 1:14). പുനരുത്ഥാന പ്രക്രിയയിലൂടെ ഏകജാതനായ പുത്രൻ "അനേകം സഹോദരന്മാരിൽ ആദ്യജാതൻ" ആയിത്തീർന്നു (റോമ. 8:29). ആദ്യജാതനെക്കുറിച്ചുള്ള ഈ പ്രസ്താവത്താൽ ഈ വാക്യം അവന്റെ മടങ്ങിവരവിനെ പരാമർശിക്കുന്നുവെന്ന് നമുക്കറിയാം. അവന്റെ രണ്ടാം വരവിൽ അവൻ ആദ്യജാതനായിരിക്കും. ദൈവം അവനെ ആദ്യമായി ഭൂമിയിലേക്ക് കൊണ്ടുവന്നപ്പോൾ, അവൻ ഏകജാതനായ പുത്രനായിരുന്നു, എന്നാൽ ദൈവം അവനെ രണ്ടാം പ്രാവശ്യം ആൾപ്പാർപ്പുള്ള ഭൂമിയിലേക്ക് കൊണ്ടുവരുമ്പോൾ, അവൻ ആദ്യജാതനായിരിക്കും. ആ സമയത്ത് എല്ലാ ദൂതന്മാരും അവനെ ആരാധിക്കും.

V. രാജ്യത്തിൽ

ക്രിസ്തുവിന്റെ മടങ്ങിവരവിനെ തുടർന്നാണ് അവന്റെ രാജ്യം. ദൈവത്തിന്റെ വരുവാനിരിക്കുന്ന ആദ്യജാതനായ പുത്രനെന്ന നിലയിൽ അവൻ തന്റെ രാജ്യത്തിൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠനായിരിക്കും. വാക്യം 8 പറയുന്നു: "എന്നാൽ പുത്രനെക്കുറിച്ച്, "ദൈവമേ നിന്റെ സിംഹാസനം എന്നെന്നേക്കുമുള്ളത്, നിന്റെ രാജ്യത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ ആകുന്നു." ഇവിടെ പുത്രനെ "ദൈവമേ" എന്ന് അഭിസംബോധന ചെയ്യുന്നു. പുത്രൻ ദൈവമാണെന്നതിന്റെ ശക്തമായ ഒരു തെളിവാണിത്. തീർച്ചയായും ദൈവം ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്. പുത്രന്റെ സിംഹാസനം ദൈവത്തിന്റെ നിത്യ സിംഹാസനമാണെന്നും ഈ വാക്യം ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ, അവന്റെ രാജ്യം ദൈവരാജ്യവും ആയിരിക്കണം. ഈ അത്ഭുതകരമായ കാര്യങ്ങളിലാണ്, രാജ്യത്തിൽ, ക്രിസ്തു സകല ദൂതന്മാരേക്കാളും ശ്രേഷ്ഠനായിരിക്കുന്നത്.

VI. നിത്യതയിൽ

രാജ്യത്തിനുശേഷം നിത്യതയാണ്. ക്രിസ്തു നിത്യതയിൽ ദൂതന്മാരെക്കാൾ ശ്രേഷ്ഠനായിരിക്കുമെന്ന് 10 മുതൽ 12 വരെയുള്ള വാക്യങ്ങൾ വെളിപ്പെടുത്തുന്നു. വാക്യം 10 പറയുന്നു, "കർത്താവേ, നീ ആദിയിൽ ഭൂമിക്ക് അടിസ്ഥാനമിട്ടു, ആകാശം നിന്റെ കൈകളുടെ പ്രവൃത്തികളാകുന്നു." ഇത് അവന്റെ സൃഷ്ടിപ്പിനെ പരാമർശിക്കുന്നു. "അവ നശിച്ചുപോകും, നീയോ ശാശ്വതമായി നിലനിൽക്കുന്നു; അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും" (വാ. 11). ഇത് അർത്ഥമാക്കുന്നത് പഴയ സൃഷ്ടി അവസാനിപ്പിക്കപ്പെടുമെന്നും പുതിയ ആകാശവും പുതിയ ഭൂമിയും ആനയിക്കപ്പെടുമെന്നുമാണ്. "നീയോ അനന്യൻ, നിന്റെ സംവത്സരങ്ങൾ നിലച്ചുപോകുകയില്ല" (വാ. 12). ഇത് അർത്ഥമാക്കുന്നത് അവൻ ആയിരിക്കും നിത്യതയിൽ ശാശ്വതനായവൻ എന്നാണ്. സ്രഷ്ടാവും

നിത്യനുമായവൻ അവന്റെ സൃഷ്ടികളായ ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണ്.

എബ്രായലേഖനം ഒന്നാം അധ്യായം വചനത്തിലെ എത്ര മനോഹരമായ ഭാഗമാണ്! ഈ അധ്യായം ക്രിസ്തുവിന്റെ കഴിഞ്ഞകാല നിത്യത മുതൽ ഭാവികാല നിത്യത വരെയുള്ള ഒരു വിവരണം നമുക്ക് നൽകുന്നു. അവൻ കഴിഞ്ഞകാല നിത്യയിലെ ദൈവമായിരുന്നു (വാ. 8); അവൻ ഭൂമിയുടെയും ആകാശത്തിന്റെയും സ്രഷ്ടാവായിരുന്നു (വാ. 10, 2); അവനാണ് സകലത്തെയും താങ്ങിനിർത്തുന്നവൻ (വാ. 3); അവൻ സകലത്തിന്റെയും അവകാശിയാണ് (വാ. 2); ക്രൂശുമരണത്താലുള്ള വീണ്ടെടുപ്പിനുവേണ്ടി അവൻ ജഡാവതാരമെടുത്തു (വാ. 3); അനേകം ദൈവപുത്രന്മാർക്ക് ജീവൻ പകരുന്നതിനുവേണ്ടി അവൻ പുനരുത്ഥാനത്തിൽ ദൈവപുത്രനായി ജനിപ്പിക്കപ്പെട്ടു (വാ. 5); അവൻ വീണ്ടുംവരുന്നവനായ ആദ്യജാതനായ പുത്രനാണ് (വാ. 6); അവൻ രാജ്യത്തിൽ ചെങ്കോലുള്ളവനായി സിംഹാസനത്തിൽ രാജാവായിരിക്കും (വാ. 8-9); അവൻ ഭാവികാല നിത്യതയിൽ എന്നുമെന്നേക്കും നിലനിൽക്കും (വാ. 12). ഈ ഹ്രസ്വമായ അധ്യായത്തിൽ കഴിഞ്ഞകാല നിത്യത മുതൽ ഭാവികാല നിത്യത വരെ ക്രിസ്തു ആയിരിക്കുന്നതിന്റെ വിശാലമായ ഒരു കാലയളവ് ഉൾക്കൊള്ളുന്നു. ഇതാണ് നമ്മുടെ ക്രിസ്തു. അവൻ ദൂതന്മാരെക്കാൾ എത്ര ശ്രേഷ്ഠനാണ്!